9117
20/4/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ചെങ്ങന്നൂർ നഗരസഭയിലെ ബ്രദറൺ സഭാ ഹാൾ റോഡ് പണിയിലെ ക്രമക്കേട് - ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.1188/2017 തസ്വഭവ. തീയതി, തിരുവനന്തപുരം, 18.04.2017.

---

പരാമർശം:- 1 06.03.2007-ലെ വിജിലൻസ് ഡയറക്ടറുടെ ഇ 4(എസ്.സി 1/2006/എഎൽപി) 8307/2005 നമ്പർ കത്ത്.

2 നഗരകാര്യ ഡയറക്ടറുടെ 10.11.08-ലെ വി1/13252/07 നമ്പർ കുറ്റാരോപണ മെമ്മോ, ആരോപണ പത്രിക.

3 ശ്രീമതി. ആനി ഷിജി,പബ്ലിക് വർക്സ് ഓവർസീയർ 20.12.2008-ൽ സമർപ്പിച്ച പ്രതിവാദ പത്രിക.

4 ശ്രീമതി. മോളിക്കുട്ടി തോമസ്,ബിൽഡിംഗ് ഇൻസ്പെക്ടർ 22.12.2008-ൽ സമർപ്പിച്ച പ്രതിവാദ പത്രിക.

5 ശ്രീ. എസ്.സുരേഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ 13.01.2009-ൽ സമർപ്പിച്ച പ്രതിവാദ പത്രിക.

6 തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.08.2016, 29.08.2016 തീയതികളിലെ ഇ 4-13252/2007/സി.ഇ./തസ്വഭവ. നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ചെങ്ങന്നൂർ നഗരസഭയിലെ ബ്രദറൺ സഭാ ഹാൾ റോഡ് പണിയിലെ ക്രമക്കേട് സംബന്ധിച്ച വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ നഗരസഭയിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. എസ്. സുരേഷ് കുമാർ, മുൻ രണ്ടാം തരം ഓവർസിയർ ശ്രീമതി. ആനി ഷിജി, മുൻ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി. മോളിക്കുട്ടിതോമസ് എന്നിവർക്ക് 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, അപ്പീലും, നിയന്ത്രണവും) ചട്ടങ്ങൾ പ്രകാരവും 1697-ലെ കേരള മുനിസിപ്പൽ കോമൺ സർവീസ് ചട്ടങ്ങൾ പ്രകാരവും നഗരകാര്യ ഡയറക്ടർ കുറ്റാരോപണ മെമ്മോ, ആരോപണപത്രിക എന്നിവ നൽകുകയുണ്ടായി.

കുറ്റാരോപണപത്രികയ്ക്ക് കുറ്റാരോപിതരായ ഉദ്യോഗസ്ഥർ പരാമർശം 3,4,5 എന്നിവ പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി. ആയതിന്മേൽ ചീഫ് എഞ്ചിനിയർ പരാമർശം 6 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ശ്രീ. എസ്. സുരേഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ 05.07.2004 മുതൽ 31.07.2004 വരെ കേവലം 27 ദിവസം മാത്രമാണ് ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയിൽ മുനിസിപ്പൽ എഞ്ചിനിയർ ആയി സേവനമനുഷ്ഠിച്ചത്. ടി പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കിയതിലോ, പുതുക്കി തയ്യാറാക്കിയതിലോ, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവ നൽകിയതിലോ പങ്കില്ലെന്നും, അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയത് ടിയാനല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. എസ്. സുരേഷ് കുമാറിന്റെ സർവീസ് ബുക്ക് പരിശോധിച്ചതിൽ നിന്നും ടിയാന്റെ വാദങ്ങൾ ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി. മോളിക്കുട്ടിയുടെ മറുപടിയോടൊപ്പമുള്ള ബന്ധപ്പെട്ട ഫയൽ രേഖകൾ പരിശോധിച്ചതിൽ ടി പ്രവൃത്തിയുടെ ചെക്ക് മെഷർ ചെയ്തിരിക്കുന്നത് ടിയാൾ

അല്ലെന്നും 06.01.2015-ലെ ബിൽഡിംഗ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ.ജി. ബിനു ആണ് മെഷർമെന്റ് ബുക്കിൽ ചെക്ക് മെഷർ ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ടിയാളുടെ മറുപടി അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിംഗ് രൂപീകരിക്കുന്നതിന് മുൻപ് അസിസ്റ്റന്റ് എഞ്ചിനിയർമാർ സാങ്കേതിക മേധാവി ആയിട്ടുള്ള നഗരസഭകളിൽ ഓവർസിയർമാർ പ്രവൃത്തികളുടെ അളവുകൾ എടുക്കുകയും, ആയത് അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത് സെക്രട്ടറി തുക അനുവദിക്കുകയും ചെയ്യുന്ന കീഴ്‌വഴക്കമാണ് നിലനിന്നിരുന്നതെന്നും ആയതുപ്രകാരം ഓവർസിയർ എഴുതിയ മെഷർമെന്റ് ബുക്കിലെ അളവുകൾ അസിസ്റ്റന്റ് എഞ്ചിനിയറുടെ ചാർജ്ജ് ഉണ്ടായിരുന്ന ബിൽഡിംഗ് ഇൻസ്പെക്ടർ ചെക്ക് മെഷർ ചെയ്ത നടപടി അംഗീകരിക്കാവുന്നതാണെന്നും ആയതിനാൽ ചെങ്ങന്നൂർ നഗരസഭയിൽ രണ്ടാം തരം പബ്ലിക് വർക്ക്സ് ഓവർസിയർ ആയിരുന്ന ശ്രീമതി. ആനി ഷിജി-യുടെ പ്രതിവാദപത്രിക അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. .

കുറ്റാരോപിതരായ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ പ്രതിവാദപത്രികയും ആയതിന്മേൽ ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. വസ്തുതകളുടെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ നഗരസഭയിൽ മുൻ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി നോക്കിയിരുന്ന ശ്രീ. സുരേഷ് കുമാർ, 31.10.2013 ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി. മോളിക്കുട്ടി തോമസ്, മുൻ ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവരെ കുറ്റവിമുക്തരാക്കിക്കൊണ്ടും ചെങ്ങന്നൂർ നഗരസഭയിലെ മുൻ രണ്ടാം തരം പബ്ലിക് വർക്ക്സ് ഓവർസിയറായിരുന്ന ശ്രീമതി. ആനി ഷിജിയ്ക്ക് റോഡിന്റെ നിർമ്മാണ അളവ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് അധികാരം ഇല്ലാതിരുന്നിട്ടും അപ്രകാരം ചെയ്തതിന് ലഘുശിക്ഷയായ താക്കീത് (censure) നൽകിയും മേൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ തീർപ്പുകൽപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. സുരേഷ് കുമാർ, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെങ്ങന്നൂർ നഗരസഭ.
2. ശ്രീമതി. മോളിക്കുട്ടി തോമസ്, മുൻ ബിൽഡിംഗ് ഇൻസ്പെക്ടർ, ചെങ്ങന്നൂർ നഗരസഭ.
3. ശ്രീമതി. ആനി ഷിജി, മുൻ രണ്ടാം തരം പബ്ലിക് വർക്ക്സ് ഓവർസിയർ, ചെങ്ങന്നൂർ നഗരസഭ.

(തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ മുഖാന്തിരം)

4. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
5. സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
7. വിജിലൻസ് (ഡി) വകുപ്പ് (13.03.2017-ലെ 11498/ഡി1/2016/വിജി നം.പ്രകാരം)
8. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
9. തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു-3) വകുപ്പ്.
10. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
11. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ